(സി) പാലക്കാട് ജലവിതരണ വിപുലീകരണ പദ്ധതിക്കുവേണ്ടി 19.20 ലക്ഷം രൂപയും ചിറ്റൂർ-തത്തമംഗലം പദ്ധതിക്കായി 2.44 ലക്ഷം രൂപയും നടപ്പുവർഷം ജനുവരി അവസാനം വരെ ചെലവായിട്ടുണ്ട്.

(ഡി, ഇ) പാലക്കാട് ജലവിതരണ വിപുലീകരണ പദ്ധതിക്കു 100 ലക്ഷം രൂപ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. 1980-ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചിറ്റൂർ-തത്തമംഗലം ശുദ്ധജലവിതരണ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

മണ്ഡുപകുന്ന് കേന്ദ്രമാക്കി ശുദ്ധജലവിതരണപദ്ധതി

1076 [1720] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ നഗരൂർ പഞ്ചായത്തിൽ പേരൂർ—കീഴ്പേരൂർ, ചിത്രനെല്ലൂർ, തലവിള, കടവൂർ, മണ്ഡുപകുന്ന്, വെള്ളല്ലൂർ, എന്നീ പ്രദേശങ്ങൾക്കു ഉപയുക്തമാകുന്ന വിധത്തിൽ മണ്ഡുപകുന്ന് കേന്ദ്രമാക്കി ഒരു ശുദ്ധജലവിതരണകേന്ദ്രം തുടങ്ങാൻ പഞ്ചായത്തിന്റെ നിവേദനം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു എന്നു പറയാമോ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിലെ കാക്കോട്ടുകോണം-മണ്ഡുപകുന്ന് ഹരിജൻ കോളനിയിൽ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തിന്റെ ഒരു പ്രമേയവും, കൂടാതെ പേരൂർ, കീഴ്പേരൂർ, ചിത്രനല്ലൂർ, തലവിള, മണ്ഡുപകുന്ന് എന്നീ പ്രദേശങ്ങളിലേക്ക് ജലവിതരണപദ്ധതി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനവും കിട്ടിയിട്ടുണ്ട്.

(ബി) മേൽപറഞ്ഞ ഹരിജൻ കോളനി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു പ്രയോജനം ലഭിക്കുന്ന ജനറൽ സെക്ടർ സ്കീമിന്റെ ലിസ്റ്റിൽ പെടുത്താനുള്ള നടപടികളും സ്വീകരിക്കുകയും നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന മറ്റു പ്രദേശങ്ങളിലെ ശുദ്ധജലവിതരണ പദ്ധതിക്കുള്ള അപേക്ഷ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുവരികയുമാണ്.

പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ്

1077 [1721] ശ്രീ. സിദ്ധാർത്ഥൻ കാളുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് നടത്തുന്നതിനുള്ള ഇന്നത്തെ മാനദണ്ഡം എന്താണ്;

(ബി) ഈ മാനദണ്ഡം എന്നാണ് നിശ്ചയിച്ചത്;

(സി) ഈ മാനദണ്ഡം നിശ്ചയിച്ചതിനുശേഷം പഞ്ചായത്തുകൾക്കു ഏതെല്ലാം വിധത്തിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവുമൂലം ഓരോ പഞ്ചായത്തിനും ശരാശരി ഒരു വർഷത്തിൽ ഉണ്ടാകുന്ന വരുമാനവർദ്ധനവ് എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly